# മലയാളഐക്യവേദി - പൊതുനയരേഖ 2021

## 1.ആമുഖം

സാമൂഹ്യമായും ചരിത്രപരമായും സൗന്ദര്യാത്മകമായും ഒരു ജനതയുടെ ജീവിതത്തിലിടപെടുന്ന ജൈവശക്തിയാണ് മാതൃഭാഷ. ജാതിമതവ്യത്യാസങ്ങൾക്കപ്പുറത്ത് കേരളത്തെ ഒരു ആധുനികസമൂഹമാക്കി നിലനിർത്തുന്ന അടിസ്ഥാനപരമായ യുക്തി നമ്മുടെ മാതൃഭാഷയായ മലയാളമാണ്. അതുകൊണ്ടുതന്നെ മലയാളത്തിന്റെ നിലനില്പ് ആധുനികസമൂഹമെന്ന നിലയിലുള്ള കേരളത്തിന്റെ നിലനില്പു തന്നെയാണ്. നമ്മുടെ സാമൂഹ്യവും രാഷ്ട്രീയവും സാമ്പത്തികവുമായ ജീവിതത്തിന്റെ ഗുണനിലവാരം മാതൃഭാഷയെന്ന നിലയിൽ മലയാളത്തിന്റെ ശേഷിയുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. മാതൃഭാഷയെന്ന നിലയിൽ മലയാളത്തെ പൊതുജീവിതത്തിലും വിദ്യാഭ്യാസത്തിലും ഭരണത്തിലും നിലനിർത്തുന്നതിനും വികസിപ്പിക്കുന്നതിനും താത്പര്യമുള്ള വ്യക്തികളുടെ ഒരു കൂട്ടായ്മയായിരിക്കും മലയാള ഐക്യവേദി.

സംസ്ഥാനത്തിനകത്തെ ഭാഷാന്യൂനപക്ഷ(കന്നഡ,തമിഴ്)ങ്ങളുടെ ജനാധിപത്യപര മായ അവകാശത്തെ സംരക്ഷിക്കുന്നതും ആദിവാസികൾ ഉൾപ്പെടെയുള്ളവരുടെ മാതൃഭാഷകളുടെ അവകാശത്തെ ഉയർത്തിപ്പിടിക്കുന്നതുമായ സമീപനമാണ് മലയാള ഐക്യവേദിക്കുണ്ടാകുക. സംസ്ഥാനത്തിന് പുറത്ത് അതതു ജനതകളുടെ മാതൃഭാഷകളെ ബഹുമാനിക്കുകയും അംഗീകരിക്കുകയും ചെയ്യുകയും മലയാള ഐക്യവേദിയുടെ അടിസ്ഥാന സമീപനത്തിന്റെ ഭാഗമായിരിക്കും. മാതൃഭാഷയിൽ വിദ്യാഭ്യാസം ചെയ്യാനും തൊഴിലെടുക്കാനുമുള്ള അവകാശത്തെ അടിസ്ഥാനപരമായ മനുഷ്യാവകാശമായി വേദി പരിഗണിക്കുന്നു. നമ്മുടെ ദേശീയ സ്വാതന്ത്ര്യസമരത്തിന്റെ തന്നെ ലക്ഷ്യങ്ങൾ പൂർത്തീകരിക്കപ്പെടുന്നതിന്റെ ഭാഗവുമാണിത്. ഇന്ത്യൻ ഭരണഘടന സങ്കല്പിക്കുന്ന മതേതര ജനാധിപത്യ സോഷ്യലിസ്റ്റ് സമൂഹനിർമിതിക്ക് ഭാഷാപരമായ ജനാധിപത്യാവകാശങ്ങൾ സുപ്രധാനമായ ഒരു ഘടകമാണെന്നു വേദി കരുതുന്നു. ഇന്ത്യയിലെയും മൂന്നാം ലോകത്തെയും അധിനിവേശത്തിനു വിധേയമായതും വിധേയമായിക്കൊണ്ടിരിക്കുന്നതുമായ മാതൃഭാഷകളുടെ ജനാധിപത്യപരമായ അവകാശങ്ങൾക്കു വേണ്ടി നിലകൊള്ളുന്ന പ്രസ്ഥാനങ്ങളുമായി വേദി സാഹോദര്യം സൂക്ഷിക്കും. സംസ്ഥാനത്തിനു പുറത്ത് മലയാളത്തിനുവേണ്ടി നിലകൊള്ളുന്ന സംഘടനകൾക്ക് മലയാള ഐക്യവേദിയുമായി ബന്ധപ്പെടാം.

ഒരു സമൂഹം നിർമ്മിക്കുന്ന പ്രത്യേകമായ ഉല്പാദനസമ്പ്രദായത്തിന്റെയും ഉല്പാദന ബന്ധങ്ങളുടെയും വിനിമയ വിതരണ രൂപങ്ങളുടെയും പ്രത്യക്ഷീകരണം കൂടിയാണ് മാതൃഭാഷ. കേരളമെന്ന ഉല്പാദക സമൂഹത്തിന്റെ രൂപീകരണവും അതിനു കൈവന്ന ചരിത്രപരമായ വികാസവും പരിണാമവുമാണ് മാതൃഭാഷ എന്ന നിലയിൽ മലയാളത്തിന്റെ രൂപീകരണത്തിന്റെയും വികാസത്തിന്റെയും അടിസ്ഥാനം. അതുകൊണ്ടുതന്നെ കേരളത്തെ ഒരു ഉല്പാദക സമൂഹമായി തിരിച്ചറിയുകയും ആ നിലയിലേക്ക് മാറ്റുകയും ചെയ്യുക എന്നത് മാതൃഭാഷ നിലനിർത്തുന്നതിനുള്ള അനിവാര്യമായ ഉപാധിയായിരിക്കും. കേരള രൂപീകരണത്തിനു ശേഷം തനതായ ഒരു ഉല്പാദക സമൂഹത്തിന്റെ വികാസത്തെ അടിസ്ഥാനമാക്കിയുള്ള ആസൂത്രണ പ്രക്രിയ വലിയതോതിൽ മുന്നോട്ടുപോയില്ല എന്നതാണ് നാം നേരിടുന്ന സാമ്പത്തിക പ്രതിസന്ധിയുടെയും ഭാഷാ പ്രതസന്ധിയുടെയും കാരണങ്ങളിൽ പ്രധാനം. കേരളത്തിന്റെ വിഭവോല്പാദനത്തെയും വിതരണ വിനിമയങ്ങളെയും മുൻനിർത്തിയുള്ള വികസന ആസൂത്രണത്തിനു പകരം പുറം വരുമാനങ്ങളെ ആശ്രയിച്ചുള്ള വികസന 'സംരഭ'ങ്ങളിലേക്കാണ് കേരളം തിരിഞ്ഞത്. ഇത് വളരെ വേഗത്തിൽ കേരളത്തെ ഒരു കമ്പോളമാക്കി മാറ്റി. 'മനുഷ്യവിഭവശേഷി' കയറ്റുമതി ചെയ്യുന്ന നാടായും കേരളം മാറി.

ഇതിന്റെ പ്രധാന കാരണങ്ങളിലൊന്ന്, നമ്മുടെ വിദ്യാഭ്യാസം മതൃഭാഷയിലല്ല നടക്കുന്നത് എന്നതാണ്. ബിരുദ – ബിരുദാനന്തര ഗവേഷണ തലങ്ങളിൽ മലയാള ഭാഷയും സാഹിത്യവും ഒഴികെയുള്ള ഒരു വിഷയവും മലയാളത്തിൽ പഠിപ്പിക്കുന്നില്ല. പ്രാഥമിക വിദ്യാഭ്യാസം മുതൽ പഠനമാധ്യമം അന്യഭാഷയായി മാറിക്കൊണ്ടിരിക്കുകയുമാണ്. ഇവിടെ അറിവിന്റെ ഭാഷ മലയാളമല്ല. വിജ്ഞാനം ഉല്പാദിപ്പിക്കുന്നത് ഇംഗ്ലീഷിലാകുമ്പോൾ, അത് വനിമയം ചെയ്യുന്നത്

അക്കാദമികളുടെ പരിമിത വൃത്തങ്ങളിൽ മാത്രമായിത്തീരും. ഒരറിവും ജനകീയമായി മാറുകയില്ല. അന്യഭാഷയിൽ വിജ്ഞാനം ആർജ്ജിക്കുന്ന ഗവേഷകരും ബുദ്ധിജീവികളുമാകട്ടെ അവരിൽ നിന്ന് അന്യമായ ദത്തങ്ങളായി/വസ്തുക്കളായി മാത്രം പ്രാദേശിക ജനതയെയും അവരുടെ ജീവിതത്തെയും നോക്കിക്കാണുകയും ചെയ്യുന്നു. യഥാർത്ഥത്തിൽ മാതൃഭാഷയിൽ വിജ്ഞാനം ഉല്പാദിപ്പിക്കുകയും ആ അറിവ് ദൈനംദിന ജീവിതത്തിലെ പ്രയോഗമാതൃകകളായി വികസിക്കുകയും വേണം. അറിവുല്പാദനം മാത്രമല്ല ഉല്പാദനത്തിന്റെ ഭാഷയും മലയാളമായിത്തീരണം. ഇങ്ങനെ മാതൃഭാഷയിൽ അറിവും ഉല്പാദനവും നിർവ്വഹിക്കുന്ന ജനതയാണ് ലോകത്തിലെ പ്രധാന സാമ്പത്തിക ശക്തികളായി വികസിക്കുന്നത്.

ചുറ്റുപാടിനെക്കുറിച്ചുള്ള അറിവ് സ്വായത്തമാക്കുന്നതും വിനിമയം ചെയ്യുന്നതും മാതൃഭാഷയിലാകണം. അപ്പോൾ മാത്രമേ പരിസരം അനുഭവപരമായ യാഥാർത്ഥ്യമായി മനസ്സിലാക്കപ്പെടുകയുള്ളൂ. ആ അനുഭവ യാഥാർത്ഥ്യങ്ങളേ ചുറ്റുപാടിനെക്കുറിച്ചുള്ള ബോധമായും പാരിസ്ഥിതികാവബോധമായും വികസിക്കുകയുള്ളൂ. യാന്ത്രികമായ അറിവ് അന്യവൽക്കരിക്കപ്പെട്ട അറിവാണ്. അത് വൈകാരികമായി ഒരു ചലനവുമുണ്ടാക്കുന്നില്ല. അനുഭവപരമായ അറിവ് വൈകാരികവും സാമൂഹികവുമാണ്. അത് ആന്തരികവിമർശന ശേഷിയെയാണ് വളർത്തുന്നത്. ഈ ശേഷിയാണ് സാമൂഹികബോധമായും പാരിസ്ഥിതികാവബോധമായും മറ്റും വളരുന്നത്.

ഇങ്ങനെ, അറിവ് മാതൃഭാഷയിൽ വിനിമയം ചെയ്യുക, അറിവുല്പാദനം മാതൃഭാഷയിലാകുക, ഉല്പാദനത്തിന്റെ ഭാഷ മലയാളമാകുക, വിതരണ വിനിമയ രൂപങ്ങൾ മലയാളത്തിലാകുക. അതായത് മാതൃഭാഷാധിഷ്ഠിതമായ ഒരു ഉല്പാദകസമൂഹമായി കേരളത്തെ തിരിച്ചറിയുകയും ഭാഷാധിഷ്ഠിതമായ വികസന കാഴ്ചപ്പാടുകൾ നിർമ്മിക്കുകയും പ്രയോഗത്തിൽ വരുത്തുകയും ചെയ്യുക എന്നത് കേരളത്തിന്റെ എല്ലാ നിലയിലുമുള്ള അതിജീവനത്തിന്റെ അടിസ്ഥാന കാഴ്ചപ്പാടായി മലയാള ഐക്യവേദി കരുതുന്നു.

## 2. ഐക്യവേദിയുടെ ഘടന

ഐക്യവേദിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ നിറവേറ്റുന്നതിനു പറ്റിയ വിശാലവും ജനാധിപത്യപരവുമായ ഘടനയാണ് വേദിക്കുണ്ടായിരിക്കുക.

ഓരോ പ്രദേശത്തെയും പൊതുജീവിതത്തിലിടപെട്ട് മാതൃഭാഷയുടെ പ്രാധാന്യം ഉറപ്പിക്കുകയും മാതൃഭാഷാവിദ്യാലയങ്ങളും വിദ്യാഭ്യാസവും സംരക്ഷിക്കുകയും ചെയ്യുന്നതിനുള്ള പ്രാഥമികമായ കൂട്ടായ്മയായ പ്രാദേശിക സമിതികൾക്കു പുറമേ, പ്രാദേശിക സമിതിയുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്ന ജില്ലാ സമിതികൾ, സംസ്ഥാനതല പ്രവർത്തക സമിതിയുടെ കീഴിൽവരുന്ന വിവിധ ഉപസമിതികൾ എന്നിവ വേദിക്ക് ഉണ്ടായിരിക്കും. പ്രവർത്തകസമിതി കൂടാതെ അടിയന്തരമായി തീരുമാനങ്ങളെടുക്കാൻ സഹായകമായ രീതിയിൽ സെക്രട്ടറിതല സമിതിയും സംഘടനയ്ക്കുണ്ടായിരിക്കും.

## 2(i) പ്രാദേശിക സമിതികൾ

പ്രാദേശിക സമിതികൾ ജില്ലാസമിതിയുടെ ഒരു ഘടകം എന്നതിലുപരി അത് നിലനില്ക്കുന്ന പ്രദേശത്തെ ഒരു സാംസ്കാരിക കൂട്ടായ്മ കൂടിയായിരിക്കും. ഒരു പ്രദേശത്തെ സാംസ്കാരികവും സൗന്ദര്യാത്മകവുമായ തലങ്ങളെ സ്വാംശീകരിച്ചുകൊണ്ടും അതിൽ ഫലപ്രദമായി ഇടപെട്ടുകൊണ്ടുമാണ് പ്രാദേശികവേദികൾ പ്രവർത്തിക്കുക.

## 2(ii) ഉപസമിതികൾ

ഭരണഭാഷയെന്ന നിലയിലും വിജ്ഞാനഭാഷയെന്ന നിലയിലും വിദ്യാഭ്യാസമാധ്യമമെന്ന നിലയിലും മാതൃഭാഷയുടെ പുരോഗതിയെ സവിശേഷമായി വിലയിരുത്തുകയാണ് ഉപസമിതികളുടെ ലക്ഷ്യം. അതതുമണ്ഡലങ്ങളിൽ സ്വതന്ത്രവും ജൈവികവുമായ പഠനങ്ങളിലേർപ്പെടുകയും നയരൂപീകരണങ്ങൾ നടത്തുകയും നിർദ്ദേശങ്ങൾ പ്രവർത്തക സമിതിക്ക് മുമ്പാകെ വെക്കുകയുമാണ് ഉപസമിതികളുടെ ചുമതല.

മലയാള ഐക്യവേദിക്ക് ആകെ ആറ് ഉപസമിതാകളാണ് ഉണ്ടായിരിക്കുക. ഭരണഭാഷയെന്ന നിലയിൽ മലയാളത്തിന്റെ പുരോഗതിയെ വിലയിരുത്തുന്നതിനുള്ള ഉപസമിതി ഭരണഭാഷാവേദി എന്ന പേരിലാണറിയപ്പെടുക. ശിശുവിദ്യാഭ്യാസം മുതൽ ഹയർസെക്കന്ററി തലം വരെയുള്ള വിദ്യാഭ്യാസത്തിൽ മാതൃഭാഷയുടെ നില എന്തായിരിക്കണം എന്നതു സംബന്ധിച്ച നയം

രൂപീകരിക്കുന്നതിന് സ്കൂൾതല മലയാളവേദി എന്ന ഉപസമിതി പ്രവർത്തിക്കും. മലയാള മാധ്യമ പൊതുവിദ്യാലയ സംരക്ഷണം ഉൾപ്പെടെയുള്ള വിഷയങ്ങളിൽ പ്രായോഗിക പ്രവർത്തനങ്ങൾ തയ്യാറാക്കലും ഈ ഉപസമിതിയുടെ ചുമതലയായിരിക്കും. ബിരുദതലം മുതൽ ഗവേഷണതലം വരെയുള്ള മേഖലകളിലെ മാതൃഭാഷാ സമീപനങ്ങൾ രൂപീകരിക്കുന്നതിനുള്ള ഉപസമിതിയാണ് സർവകലാശാലാതല മലയാളവേദി. വിജ്ഞാനഭാഷയെ മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള ഉപസമിതിയാണ് മലയാള വിജ്ഞാനവേദി. വിവരസാങ്കേതിക വിദ്യയും മലയാളവും തമ്മിലുള്ള ബന്ധത്തെക്കുറിച്ചുള്ള നയരൂപീകരണത്തിനും പ്രായോഗിക പദ്ധതികൾ ആവിഷ്കരിക്കുന്നതിനുമുള്ള വേദിയാണ് മലയാള വിവരസാങ്കേതിക വേദി. മാതൃഭാഷയും കേരളവികസനവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് നയരൂപീകരണം നടത്തുന്നതിനുള്ള ഉപസമിതിയാണ് ജനകീയ വികസന വേദി. മാതൃഭാഷാധിഷ്ഠിതമായ ആസൂത്രണ – വികസന സമീപനങ്ങളെക്കുറിച്ച് സൈദ്ധാന്തികവും പ്രായോഗികവുമായ വ്യക്തതയുണ്ടാക്കുകയും അതിനനുസരിച്ചുള്ള പ്രവർത്തന പദ്ധതികൾ രൂപീകരിക്കുകയുമായിരിക്കും ഈ സമിതിയുടെ മുഖ്യ ചുമതല. ഭാഷാസ്നേഹികളായ വിദ്യാർത്ഥികളുടെ കൂട്ടായ്മയായിരിക്കും വിദ്യാർത്ഥി മലയാളവേദി.

### 2(iii) വിദ്യാർത്ഥി മലയാളവേദി

വിദ്യർത്ഥികളുടെ മേഖലയിൽ സവിശേഷമായി പ്രവർത്തിക്കുന്ന വിദ്യാർത്ഥി മലയാള വേദി, മലയാള ഐക്യവേദിയുടെ ഉപസമിതിയായിരിക്കും. മറ്റ് ഉപസമിതികളിൽനിന്ന് വ്യത്യസ്തമായി വിദ്യാർത്ഥി മലയാളവേദിക്ക് കൂടുതൽ പ്രായോഗികമായ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള ചുമതലയും അധികാരവും ഉണ്ടായിരിക്കും. കേരളത്തിലെ സ്കൂൾ തലം മുതൽ സർവകലാശാലാതലം വരെയുള്ള മലയാളഭാഷയുടെ പുരോഗതിയിൽ താത്പര്യവും അതിനുവേണ്ടി പ്രവർത്തിക്കാൻ സന്നദ്ധതയുമുള്ള വിദ്യാർത്ഥികളുടെ കൂട്ടായ്മയായിരിക്കും വിദ്യാർത്ഥി മലയാളവേദി. ഇതിന്റെ ഘടകങ്ങൾ ഓരോ സ്കൂൾ, കോളജ്, സർവകലാശാലാ കാമ്പസുകളിലും ആരംഭിക്കാവുന്നതാണ്. വിദ്യാർത്ഥി മലയാളവേദി എന്ന നിലയിലുള്ള സ്വതന്ത്രമായ സമ്മേളനങ്ങൾ ചേരാനുള്ള അധികാരം വിദ്യാർത്ഥി മലയാളവേദിക്കുണ്ടായിരിക്കും. ഇത്തരം സമ്മേളനങ്ങളുടെ തീരുമാനങ്ങളും പ്രവർത്തനപരിപാടികളും മലയാള ഐക്യവേദിയുടെ പൊതുവായ നയങ്ങളുമായി ഒത്തുപോകുന്നതായിരിക്കണം. യൂനിറ്റ് തലത്തിലും ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ഇതിന് പ്രവർത്തക സമിതികളും നിർവ്വാഹകസമിതികളും ഉണ്ടാക്കാവുന്നതാണ്. അതതു തലത്തിലുള്ള മലയാള ഐക്യവേദിയുടെ സമിതികളുമായി യോജിച്ചും സഹകരിച്ചുമാണ് വിദ്യാർത്ഥി മലയാളവേദിയുടെ ഓരോ തലത്തിലുമുള്ള സമിതികൾ പ്രവർത്തിക്കേണ്ടത്.

വിദ്യാർത്ഥി മലയാളവേദിയുടെ യൂനിറ്റ് തല ഭാരവാഹികളെ അതതു യൂനിറ്റിലെ വിദ്യാർത്ഥികളായിരിക്കും തെരഞ്ഞെടുക്കുന്നത്. വിദ്യാർത്ഥി മലയാളവേദിയുടെ ജില്ലാ സംസ്ഥാന സമിതിയുടെയും ഭാരവാഹികളെ അതതുതലങ്ങളിലെ വാർഷികസമ്മേളനത്തിൽ വെച്ച് തെരഞ്ഞെടുക്കുന്നതായിരിക്കും.

മറ്റ് ഉപസമിതികൾ മലയാള ഐക്യവേദി കൺവീനറുടെ ചുമതലയിലായിരിക്കുമ്പോൾ വിദ്യാർത്ഥി മലയാളവേദിയുടെ ചുമതല ജനറൽ സെക്രട്ടറിക്കായിരിക്കും.

### 3. പൊതുഘടന

ചുരുക്കത്തിൽ മലയാള ഐക്യവേദിക്ക് താഴെ പറയുന്ന മട്ടിലുള്ള ബഹുതല സ്വഭാവമുണ്ടായിരിക്കും:

1. അടിസ്ഥാന ഘടകമെന്ന നിലയിൽ പ്രാദേശികതലത്തിൽ പ്രവർത്തിക്കുന്ന മലയാള ഐക്യവേദിയുടെ കൂട്ടായ്മകൾ
2. ജില്ലാ സമിതികൾ
3. സംസ്ഥാന തലത്തിലുള്ള പ്രവർത്തക സമിതി.
4. സെക്രട്ടറിതല സമിതി.
5. പ്രവർത്തക സമിതിയോട് നേരിട്ട് ഉത്തരവാദിത്തമുള്ള താഴെ പറയുന്ന ഉപസമിതികൾ:
    (i) ഭരണഭാഷാവേദി.
    (ii) സ്കൂൾ തല മലയാളവേദി.

(iii) സർവകലാശാലാതല മലയാളവേദി.
(iv) മലയാള വിജ്ഞാനവേദി.
(v) മലയാള വിവരസാങ്കേതികവേദി.
(vi) ജനകീയ വികസന വേദി.
(vii)വിദ്യാർത്ഥി മലയാള വേദി

**4. പ്രാദേശിക സമിതി**

പ്രാദേശിക വേദികളായിരിക്കും മലയാള ഐക്യവേദിയുടെ പ്രായോഗിക പ്രവർത്തനത്തിന്റെ അടിസ്ഥാന ഘടകം. ജില്ലാ സമിതി, സംസ്ഥാന പ്രവർത്തക സമിതി എന്നിവ നിശ്ചയിക്കുന്ന പരിപാടികൾക്കു പുറമെ പ്രാദേശിക സമിതികൾക്ക് മലയാളഭാഷയുടെ പൊതുവായ പുരോഗതിക്ക് ഉതകുന്ന ഏതുപരിപാടിയും സ്വതന്ത്രമായി നടത്താവുന്നതാണ്. പ്രാദേശിക സമിതികൾക്ക്, പ്രവർത്തക സമിതി, അധ്യക്ഷ(ൻ), കൺവീനർ, ഖജാൻജി എന്നിവർ ഉണ്ടാകും. ഓരോ പ്രവർത്തകസമിതിയിലെയും അംഗങ്ങളുടെ എണ്ണം അതതു സമിതികളായിരിക്കും നിശ്ചയിക്കുന്നത്.

അതതു പ്രദേശങ്ങളിലെ മാതൃഭാഷാവിദ്യാഭ്യാസ സ്ഥാപനങ്ങളെ നിലനിർത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ഉതകുന്ന പരിപാടികൾ പ്രാദേശികവേദികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കേണ്ടതാണ്. അതോടൊപ്പം സാഹിത്യസാംസ്കാരിക പ്രവർത്തനങ്ങളും പ്രാദേശിക വേദികൾക്ക് ഏറ്റെടുത്ത് നടത്താവുന്നതാണ്.

സമ്മേളനം, പ്രചരണ, സമര പരിപാടികൾ, പുസ്തകപ്രസിദ്ധീകരണം തുടങ്ങി സംസ്ഥാനതലത്തിൽ പൊതുവായ പരിപാടികൾ വരുമ്പോൾ പ്രാദേശിക സമിതികൾ എല്ലാ നിലയിലും സഹകരിക്കേണ്ടതാണ്.

**5. ജില്ലാ സമിതി**

ഒരു ജില്ലയിലെ പ്രാദേശിക സമിതികളുടെ പ്രതിനിധികൾ ചേർന്നതാണ് ജില്ലാ സമതി. ജില്ലകളിൽ ജില്ലാ പ്രവർത്തക സമിതിയും അതിന് അധ്യക്ഷയും(നും) സെക്രട്ടറിയും കൺവീനറും ഖജാൻജിയുമുണ്ടാകും. യോഗങ്ങൾ വിളിച്ചു ചേർക്കൽ, പരിപാടികളുടെ സംഘാടനം എന്നിവയൊക്കെ സെക്രട്ടറിയുടെ ചുമതലയായിരിക്കും. ജില്ലാതലത്തിൽ മറ്റു സംഘടനകളുമായി സംവാദാത്മകമായ ബന്ധം സ്ഥാപിക്കുന്നതിനുള്ള ചുമതലയായിരിക്കും കൺവീനർക്കുണ്ടായിരിക്കുക. മാതൃഭാഷാ അജണ്ട ജില്ലയിലെ ഇതര സംഘടനകളിൽ എത്തിക്കുക എന്നതായിരിക്കും കൺവീനറുടെ മുഖ്യകർത്തവ്യം. ജില്ലാസമിതികൾ മാസത്തിലൊരിക്കൽ യോഗം ചേരേണ്ടതാണ്. ജില്ലാ സെക്രട്ടറി സംസ്ഥാന തലത്തിലുള്ള സെക്രട്ടറി തല സമിതി യോഗത്തിലെ തീരുമാനങ്ങൾ ജില്ലാ സമിതിയിൽ അവതരിപ്പിക്കുയും ചർച്ച ചെയ്യുകയും ചെയ്യേണ്ടതാണ്. സെക്രട്ടറിതല സമിതി ആസൂത്രണം ചെയ്യുന്ന പരിപാടികൾ ജില്ലാതലത്തിലും പ്രാദേശിക തലത്തിലും എത്തിക്കാനുള്ള ചുമതല ജില്ലാസമിതിക്കായിരിക്കും. സംസ്ഥാന സമ്മേളനത്തിന് മുന്നോടിയായി എല്ലാ ജില്ലാസമിതികളും വാർഷിക സമ്മേളനങ്ങൾ നടത്തുകയും നയപരിപാടികൾ ചർച്ച ചെയ്യുകയും ഭാരവാഹികളെ തെരഞ്ഞെടുക്കുകയും ചെയ്യേണ്ടതാണ്. സംസ്ഥാന സമ്മേളനത്തിനുള്ള പ്രതിനിധികളെയും ജില്ലാ സമ്മേളനത്തിൽ നിന്ന് തെരഞ്ഞെടുക്കണം. മലയാള ഐക്യവേദിയുടെ ജില്ലാസമിതിയും വിദ്യാർത്ഥി മലയാളവേദിയുടെ ജില്ലാസമിതിയും പരസ്പരം സഹകരിച്ചു പ്രവർത്തിക്കേണ്ടതാണ്. ജില്ലയിലെ വിദ്യാർത്ഥി മലയാള വേദിയുടെ വാർഷിക സമ്മേളനവും മലയാള ഐക്യവേദിയുടെ വാർഷിക സമ്മേളനത്തോടനുബന്ധിച്ച് നടത്തണം. വിദ്യാർത്ഥി മലയാളവേദിയുടെ മുഖ്യഭാരവാഹികൾ മലയാള ഐക്യവേദിയുടെ ജില്ലാ സമിതിയിൽ അംഗങ്ങളായിരിക്കും. ജില്ലാ സമിതികൾ മാസത്തിലൊരിക്കൽ യോഗം ചേരേണ്ടതാണ്.

**6. സംസ്ഥാന പ്രവർത്തക സമിതി**

വിവിധ ഉപസമിതികളുടെയും ജില്ലാ സമിതികളുടെയും പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് സംസ്ഥാനതലത്തിൽ ഒരു പ്രവർത്തക സമിതി ഉണ്ടായിരിക്കും. പ്രവർത്തക സമിതിക്ക് ഒരു പ്രസിഡണ്ടും ഒരു ജനറൽ സെക്രട്ടറിയും ഒരു കൺവീനറും ഒരു ഖജാൻജിയും രണ്ടു വൈസ് പ്രസിഡണ്ടുമാരും രണ്ടു ജോയിന്റ് സെക്രട്ടറിമാരും രണ്ടു ജോയിന്റ് കൺവീനർമാരും ഉണ്ടായിരിക്കും.

പ്രവർത്തക സമിതിയിലെ അംഗസംഖ്യ ഓരോ വർഷത്തെയും സാഹചര്യങ്ങൾക്കനുസരിച്ച്

വാർഷിക സമ്മേളനത്തിൽ വെച്ച് നിശ്ചയിക്കാവുന്നതാണ്. ഓരോ പ്രാദേശിക സമിതിയുടെയും കൺവീനർ പ്രവർത്തക സമിതിയിലുണ്ടാകും. അതിനോടൊപ്പം ഉപസമിതികളുടെ കൺവീനർമാരും പ്രവർത്തക സമിതി അംഗങ്ങളാകും. വിദ്യാർത്ഥി മലയാളവേദിയുടെ കൺവീനർക്കു പുറമേ ചെയർപേഴ്സണും ഖജാൻജിയും പ്രവർത്തകസമിതി അംഗങ്ങളായിരിക്കും. ഇവർക്കു പുറമെ മലയാള ഐക്യവേദിയുടെ ഏതൊരു പ്രവർത്തകയെ(നെ)യും വാർഷികസമ്മേളനത്തിന് പ്രവർത്തകസമിതി അംഗമായി തെരഞ്ഞെടുക്കാവുന്നതാണ്.

### 7. സെക്രട്ടറി തല സമിതി

പ്രസിഡന്റ്, ജനറൽ സെക്രട്ടറി, കൺവീനർ, ഖജാൻജി, വൈസ് പ്രസിഡണ്ടുമാർ, ജോയിന്റ് സെക്രട്ടറിമാർ, ജോയിന്റ് കൺവീനർമാർ, ജില്ലാ സെക്രട്ടറിമാർ, ഉപസമിതി കൺവീനർമാർ എന്നിവർ ചേരുന്നതായിരിക്കും സെക്രട്ടറിതല സമിതി. വിദ്യാർത്ഥി മലയാളവേദിയുടെ സെക്രട്ടറിക്കു പുറമേ കൺവീനറും ചെയർപേഴ്സണും ഖജാൻജിയും സെക്രട്ടറിതല സമിതിയിൽ അംഗങ്ങളായിരിക്കും. സെക്രട്ടറിതല സമിതി മാസത്തിൽ ഒരു തവണ കൂടേണ്ടതാണ്. പ്രവർത്തകസമിതി കൂടാത്ത സമയത്ത് സെക്രട്ടറിതല സമിതിയുടെ തീരുമാനങ്ങളാണ് ജില്ലാ, പ്രാദേശിക സമിതികൾ നടപ്പിലാക്കേണ്ടത്. ആ നിലയിൽ ജില്ലാ സമിതികളും പ്രാദേശിക സമിതികളും മാസത്തിലൊരിക്കൽ യോഗം ചേരേണ്ടതാണ്.

അടിയന്തിര സാഹചര്യത്തിൽ അംഗീകരിക്കപ്പെട്ട കാഴ്ചപ്പാടുമായി പൊരുത്തപ്പെടുന്ന വിഷയങ്ങളിൽ പ്രസിഡന്റ്, കൺവീനർ, വൈസ് പ്രസിഡണ്ടുമാർ, ജോയിന്റ് സെക്രട്ടറിമാർ, ജോയിന്റ് കൺവീനർമാർ, ഖജാൻജി എന്നിവരുമായി ചേർന്നോ അവരുടെ അറിവോടെയോ ജനറൽ സെക്രട്ടറിക്ക് തീരുമാനങ്ങളെടുക്കാവുന്നതാണ്. വിവിധ സമിതികളുടെ തീരുമാനം യോഗം നടന്ന് ഒരാഴ്ചക്കുള്ളിൽ പ്രസ്തുത സമിതിയിലെ അംഗങ്ങളെ രേഖാമൂലം അറിയിക്കേണ്ടതാണ്.

### 8. വാർഷിക സമ്മേളനം

സംഘടനയുടെ പൊതുവായ നയപരിപ്രേക്ഷ്യങ്ങൾ, ഒരു വർഷത്തിൽ മലയാളഭാഷയുടെയും കേരളത്തിലെ ഇതര മാതൃഭാഷകളുടെയും പുരോഗതിക്കായി ചെയ്യേണ്ട കാര്യങ്ങൾ എന്നിവ ചർച്ച ചെയ്യാനാണ് വാർഷിക സമ്മേളനം. ഓരോ സമ്മേളനവും പുതിയ പ്രവർത്തക സമിതിയെയും സെക്രട്ടറിതല സമിതിയെയും ഭാരവാഹികളെയും തെരഞ്ഞെടുക്കണം. മലയാള സമിതി, മലയാള സംരക്ഷണവേദി എന്നിവയുമായി ചേർന്ന് രൂപീകരിച്ച ഐക്യമലയാള പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾ ചർച്ച ചെയ്യുകയും മാർഗനിർദ്ദേശം നൽകുകയും ചെയ്യേണ്ടത് മലയാള ഐക്യവേദിയുടെ വിവിധ സമിതികളും വാർഷിക സമ്മേളനങ്ങളുമാണ്. ദേശീയതലത്തിൽ മാതൃഭാഷയുടെ കൂട്ടായ്മയായ ഭാഷാസമത്വാവകാശ പ്രസ്ഥാനത്തിന്റെ നയങ്ങളും പരിപാടികളും സംബന്ധിച്ച ചർച്ചകൾ നടത്തുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്യാനുള്ള ഉത്തരവാദിത്തം മലയാള ഐക്യവേദിയുടെ വർഷിക സമ്മേളനങ്ങൾക്കുണ്ട്.

### 9. ചുമതലകൾ

സംസ്ഥാനതല പ്രവർത്തകസമിതിയും സെക്രട്ടറി തല സമിതിയും വിളിച്ചു ചേർക്കേണ്ട ചുമതല ജനറൽ സെക്രട്ടറിക്കായിരിക്കും. ദൈനംദിന സംഘടനാ പ്രവർത്തനങ്ങളുടെ ഉത്തരവാദിത്തം ജന.സെക്രട്ടറിക്കായിരിക്കും. വിദ്യാർത്ഥി മലയാളവേദി ഒഴികെയുള്ള ഉപസമിതികളുടെ ചുമതലയായിരിക്കും കൺവീനർക്കുണ്ടായിരിക്കുക. വിദ്യാർത്ഥി മലയാള വേദിയുടെ ചുമതല 2(iii) സൂചിപ്പിച്ചതു പോലെ ജനറൽ സെക്രട്ടറിക്കായിരിക്കും. ജനറൽ സെക്രട്ടറിക്കും കൺവീനർക്കും ചുമതലകൾ ഇപ്രകാരം വിഭജിച്ചിട്ടുണ്ടെങ്കിലും പരസ്പരധാരണയിൽ മറ്റെയാളിന്റെ ചുതലകളിൽ സഹകരിച്ചു പ്രവർത്തിക്കേണ്ടതാണ്. സംഘടനയുടെ പൊതുവായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാനുള്ള ചുമതലയായിരിക്കും പ്രസിഡണ്ടിന് ഉണ്ടായിരിക്കുക. യോഗനടപടികൾ നിയന്ത്രിക്കേണ്ടത് പ്രസിഡണ്ടാണ്.

വരവു ചെലവുകൾ സൂക്ഷിക്കേണ്ട ഉത്തരവാദിത്തം ഖജാൻജിക്കായിരിക്കും. ഇതിനുപുറമെ അതതു ഘട്ടങ്ങളിൽ സെക്രട്ടറിതല സമിതിയും പ്രവർത്തകസമിതിയും ഏല്പിക്കുന്ന ചുമതലകളും ഖജാൻജിക്കുണ്ടായിരിക്കും.

നയപരമായ കാര്യങ്ങൾ പ്രവർത്തക സമിതി യോഗം ചേർന്ന് തീരുമാനമെടുക്കണം. നാലിലൊന്ന് അംഗങ്ങളെങ്കിലും യോഗത്തിൽ ഹാജരാകുന്ന യോഗതീരുമാനങ്ങളേ സാധുവാകൂ.

ആറുമാസത്തിലൊരിക്കലെങ്കിലും പ്രവർത്തക സമിതി യോഗം ചേർന്നിരിക്കണം.

## 8. ഉപ സമിതികൾ

ഭരണഭാഷയെന്ന നിലയിൽ മലയാളത്തിന്റെ നിലയെ വിലയിരുത്തുന്നതിനും സമ്പൂർണമായി ഭരണഭാഷയെന്ന നിലയിൽ മലയാളത്തെ വികസിപ്പിക്കുന്നതിനും വേണ്ട നിർദ്ദേശങ്ങൾ രൂപീകരിക്കുന്നതിനാണ് ഭരണഭാഷാവേദി. ഭരണഭാഷ, കോടതിഭാഷ, തൊഴിലിടത്തിലെ ഭാഷ, യു.പി.എസ്.സി ഉൾപ്പെടെ വിവിധ തൊഴിൽ പരീക്ഷകളിലെ ഭാഷ എന്നിവയെ സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകാനുള്ളതാകും ഭരണഭാഷാസമിതി.

ശിശുവിദ്യാഭ്യാസം മുതൽ ഹയർസെക്കന്ററി തലം വരെയുള്ള വിദ്യാഭ്യാസത്തിൽ മാതൃഭാഷയുടെ നില പരിശോധിക്കുന്നതിനും അതു സംബന്ധിച്ച നയം രൂപീകരിക്കുന്നതിനുമുള്ള ഉത്തരവാദിത്തമാണ് സ്കൂൾതല മലയാളവേദിക്ക് ഉണ്ടായിരിക്കുക. മലയാള മാധ്യമ പൊതുവിദ്യാലയ സംരക്ഷണം ഉൾപ്പെടെയുള്ള വിഷയങ്ങളിൽ പ്രായോഗിക പ്രവർത്തനങ്ങൾ തയ്യാറാക്കലും ഈ ഉപസമിതിയുടെ ചുമതലയായിരിക്കും.

ബിരുദതലം മുതൽ ഗവേഷണതലം വരെയുള്ള മേഖലകളിലെ മാതൃഭാഷാ സമീപനങ്ങൾ രൂപീകരിക്കുന്നതിനുള്ള ചുമതലയായിരിക്കും സർവകലാശാലാതല മലയാളവേദിക്ക് ഉണ്ടായിരിക്കുക. ഉന്നത വിദ്യഭ്യാസം മാതൃഭാഷയിലാക്കുന്നതിനുള്ള പ്രവർത്തന പദ്ധതികൾ തയ്യാറാക്കാനുള്ള ചുമതലയും ഈ സമതിക്ക് ഉണ്ടായിരിക്കും.

വിജ്ഞാനഭാഷയെന്ന നിലയിൽ മലയാളത്തെ മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള ഉപസമിതിയാണ് മലയാള വിജ്ഞാനവേദി. ശാസ്ത്രം, സാമൂഹിക ശാസ്ത്രം, ഇതര വിജ്ഞാന മേഖലകൾ എന്നിവ മലയാളത്തിൽ വികസിപ്പിക്കേണ്ടതിന്റെയും ശാസ്ത്ര, സാമൂഹികശാസ്ത്ര, സാങ്കേതിക വിദ്യാഭ്യാസ മേഖല മാതൃഭാഷയിലായിത്തീരേണ്ടതിന്റെയും സമീപനങ്ങൾ വികസിപ്പിക്കുകയും പ്രായോഗിക പ്രവർത്തനങ്ങൾ തയ്യാറാക്കാൻ സെക്രട്ടറിതല സമിതിയെ സഹായിക്കുകയുമാണ് മലയാള വിജ്ഞാനവേദിയുടെ ഉത്തരവാദിത്തം.

വിവരസാങ്കേതിക വിദ്യയുടെ മണ്ഡലത്തിലെ മലയാളത്തിന്റെ പ്രയോഗസാധ്യതകൾ വികസിപ്പിക്കുന്നതുമായി ബന്ധപ്പെട്ടതാണ് മലയാള വിവരസാങ്കേതിക വേദിയുടെ പ്രവർത്തനം.

മാതൃഭാഷയും കേരളവികസനവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് നയരൂപീകരണം നടത്തുന്നതിനുള്ള ഉപസമിതിയാണ് ജനകീയ വികസന വേദി. കൃഷി, പരിസ്ഥിതി, വികസനം, തൊഴിൽ, വ്യവസായം, പ്രാദേശികത തുടങ്ങിയ മേഖലകളെ മുൻനിർത്തിയായിരിക്കും ഈ സമിതി പ്രവർത്തിക്കുക. മാതൃഭാഷാധിഷ്ഠിതമായ ആസൂത്രണ – വികസന സമീപനങ്ങളെക്കുറിച്ച് സൈദ്ധാന്തികവും പ്രായോഗികവുമായ വ്യക്തതയുണ്ടാക്കുകയും അതിനനുസരിച്ചുള്ള പ്രവർത്തന പദ്ധതികൾ രൂപീകരിക്കുകയുമായിരിക്കും ഈ സമിതിയുടെ മുഖ്യ ചുമതല.

ഏഴ മുതൽ ഒൻപത് വരെ അംഗങ്ങൾ ഉൾക്കൊള്ളുന്നതായിരിക്കണം ഓരോ ഉപസമിതിയും. സമിതിക്ക് അധ്യക്ഷ(ൻ), കൺവീനർ എന്നിവരുണ്ടായിരിക്കും.

വിദ്യാർത്ഥി മലയാളവേദിയൊഴികെയുള്ള ഓരോ ഉപസമിതിയുടെയും അധ്യക്ഷ(ൻ) പൊതുമണ്ഡലത്തിൽ ഭാഷക്കു വേണ്ടി പ്രവർത്തിക്കുന്ന പണ്ഡിതരാകാം (അവർ പ്രാദേശികവേദികളുടെ ദൈനംദിനപ്രവർത്തനങ്ങളുമായി സജീവമായി ബന്ധപ്പെട്ടു നിൽക്കുന്നവരാകണമെന്നില്ല). കൺവീനർമാർ മലയാള ഐക്യവേദിയുടെ പ്രവർത്തകസമിതി അംഗങ്ങളായിരിക്കും. അതിലെ അംഗങ്ങൾ മലയാള ഐക്യവേദിയിലെ പ്രവർത്തകരുമായിരിക്കും. ഓരോ ഉപസമിതിയും അതതു മണ്ഡലവുമായി ബന്ധപ്പെട്ട പഠനങ്ങൾ നടത്തുകയും നിർദ്ദേശങ്ങൾ പ്രവർത്തക സമിതിക്ക് മുമ്പിൽ ചർച്ചയ്ക്കു വെക്കുകയും ചെയ്യേണ്ടതാണ്. മലയാള ഐക്യവേദിയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന ഭാരവാഹികളുൾപ്പെടെയുള്ള ഏതൊരു വ്യക്തിക്കും പൊതുമണ്ഡലത്തിൽ സ്വതന്ത്രമായ നിലപാടുകൾ സ്വീകരിക്കാവുന്നതും പ്രകടിപ്പിക്കാവുന്നതുമാണ്. എന്നാൽ ചർച്ചയ്ക്കു ശേഷം ഇത്തരം കാര്യങ്ങൾ മലയാള ഐക്യവേദിയുടെ പേരിൽ സർക്കാർ തലത്തിലോ പൊതുമണ്ഡലത്തിലോ ഉന്നയിക്കേണ്ടത് മലയാള ഐക്യവേദിയുടെ പ്രവർത്തക സമിതിയായിരിക്കും.

വിദ്യാർത്ഥി മലയാള വേദിയുടെ പ്രവർത്തനവും ഭാരവാഹികളുടെ തെരഞ്ഞെടുപ്പും മറ്റു സംബന്ധിച്ച കാര്യങ്ങൾ വിദ്യാർത്ഥി മലയാളവേദിയെ സംബന്ധിച്ച ഖണ്ഡികയിൽ

വിശദീകരിച്ചിട്ടുണ്ട് (2(iii) നോക്കുക).

### 9. പ്രവർത്തക സമിതിയുടെയും ഭാരവാഹികളുടെയും തെരഞ്ഞെടുപ്പ്

ജില്ലാ സമ്മേളനം തെരഞ്ഞെടുക്കുന്ന പ്രതിനിധികൾ ഉൾക്കൊള്ളുന്ന സംസ്ഥാന വാർഷിക സമ്മേളനത്തിൽ വെച്ചാണ് പ്രവർത്തക സമിതിയെ തെരഞ്ഞെടുക്കേണ്ടത്. പ്രവർത്തക സമിതി അംഗങ്ങളിൽനിന്ന് സംസ്ഥാനതല ഭാരവാഹികളെ തെരഞ്ഞെടുക്കേണ്ടത് വാർഷിക സമ്മേളനമാണ്.

### 10. ഭാരവാഹിത്വത്തിന്റെ കാലയളവ്

ഒരു വർഷമായിരിക്കും ഭാരവാഹികളുടെ കാലയളവ്. തുടർച്ചയായി മൂന്നു വർഷത്തിലധികം പ്രസിഡണ്ട്, കൺവീനർ, ജനറൽ സെക്രട്ടറി എന്നിവർ ഒരേ ചുമതല വഹിക്കരുത്.

### 11. പ്രാദേശിക സമിതികളുടെ വിശേഷ ചുമതലകൾ

വേദിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ പ്രാവർത്തികമാക്കുന്നതിനായി അടിത്തട്ടിലെ മുഴുൻ ജനവിഭാഗങ്ങളിലേക്കും വേദിയുടെ സന്ദേശങ്ങൾ എത്തിക്കുക.

ഒരു പ്രദേശത്തെ സർക്കാർ ഓഫീസുകളു(വില്ലേജ്, താലൂക്ക് ഓഫീസുകൾ, മിനി സിവിൽസ്റ്റേഷൻ, സിവിൽ സ്റ്റേഷൻ തുടങ്ങിയവ)മായും വിദ്യാഭ്യാസ സ്ഥാപനങ്ങളുമായും മലയാള ഐക്യവേദിയുടെ പ്രാദേശിക ഘടകങ്ങൾ ജൈവബന്ധം സൂക്ഷിക്കേണ്ടതാണ്. സർക്കാർ ഓഫീസുകളിൽ ഭരണഭാഷാസംബന്ധമായ നിരന്തരമായ പ്രചരണം നടത്താൻ പ്രാദേശികവേദികൾ മുൻകൈ എടുക്കണം. മലയാളം മാധ്യമമായുള്ള പ്രാഥമികവിദ്യാലയങ്ങളുടെ നിലനില്പിനെയും വികാസത്തെയും മുൻനിർത്തിയുള്ള പദ്ധതികളും പരിപാടികളും പ്രാദേശികസമിതികൾ ഏറ്റെടുത്തു നടത്തേണ്ടതാണ്.

പ്രാദേശിക സ്ഥാപനങ്ങൾ, വായനശാലകൾ, ക്ലബുകൾ എന്നിവയുമായി സഹകരിച്ചുകൊണ്ടോ വേദിയുടെ നേതൃത്വത്തിലോ സംവാദങ്ങൾ, ചർച്ചകൾ, പ്രചരണങ്ങൾ എന്നിവ സംഘടിപ്പിക്കുക.

മാതൃഭാഷാ-സാഹിത്യപഠനവും മാതൃഭാഷ മാധ്യമമായുള്ള പഠനവും നിലനില്ക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ നിലനിർത്തുന്നതിനു പ്രവർത്തിക്കുക. അവയുടെ വളർച്ചയ്ക്ക് ഉതകുന്ന വിധത്തിലുള്ള സഹായങ്ങൾ നൽകുക. ഇതിനായി സാമൂഹിക ബോധവൽക്കരണം നടത്തുക.

മലയാള ഭാഷാ-സാഹിത്യപഠനത്തിലും മലയാളം മാധ്യമമായുള്ള പഠനത്തിലും ഉന്നതവിജയങ്ങൾ നേടുന്ന വിദ്യാലയങ്ങളിലെ കുട്ടികളെ പൊതുശ്രദ്ധയിൽ കൊണ്ടുവരുന്നതിനുള്ള പരിപാടികൾ സംഘടിപ്പിക്കുക.

മലയാള ഭാഷാ സാഹിത്യസാംസ്കാരിക മണ്ഡലങ്ങളിൽ ശ്രദ്ധേയമായ വ്യക്തികൾ/ പ്രസ്ഥാനങ്ങൾ എന്നിവയു(രു)ടെ സംഭാവനകൾ വിലയിരുത്തുന്ന പ്രാദേശിക സദസ്സുകൾ സംഘടിപ്പിക്കുക.

പ്രാദേശിക വിനിമയങ്ങളുടെ - സ്ഥാപനങ്ങൾ, കടകൾ, വാഹനങ്ങൾ, സമ്മേളന നഗരികൾ എന്നിവയുടെ - ബോർഡുകൾ മാതൃഭാഷയിൽക്കൂടി നൽകുന്നതിനു പ്രേരിപ്പിക്കുക

### 12. മലയാള ഐക്യവേദി - പൊതുവായ പ്രവർത്തന പദ്ധതി

1. പ്രൈമറി തലം മുതൽ സർവകലാശാലാ തലം വരെ പഠനമാധ്യമം മലയാളമാക്കുക. ഗവേഷണപ്രബന്ധങ്ങൾ ഉൾപ്പെടെ മലയാളത്തിൽ എഴുതുന്നതിനുള്ള സാഹചര്യമൊരുക്കുന്നതിനു പ്രവർത്തിക്കുക. പൊതുവിദ്യാലയങ്ങൾ ഇംഗ്ലീഷ് മാധ്യമത്തിലേക്ക് മാറുന്ന പ്രവണതയെ ചെറുക്കുക. ഇതിനായി അധ്യാപകരെയും രക്ഷിതാക്കളെയും ബോധവൽക്കരിക്കുന്ന പ്രവർത്തനങ്ങൾ അടിയന്തിരമായി ഏറ്റെടുത്തു നടത്തുക.
2. ഭരണഭാഷയെന്ന നിലയിലും കോടതി ഭാഷയെന്ന നിലയിലും പഠനമാധ്യമമെന്ന നിലയിലും മലയാളത്തെ എല്ലാ നിലകളിലും വ്യാപിപ്പിക്കുന്നതിനുള്ള ശ്രമം നടത്തുക.
3. വിജ്ഞാന ഭാഷയെന്ന നിലയിൽ മലയാളത്തെ മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുക.
4. ഏതു തലത്തിലുമുള്ള അറിവും വിനിമയവും മലയാളത്തിൽ കൈകാര്യം ചെയ്യാനുള്ള ശേഷി

കൈവരിക്കുന്നതിനുള്ള കൂട്ടായ പരിശ്രമങ്ങൾക്ക് നേതൃത്വം നൽകുക (അതിന്റെ ഭാഗമായി പദകോശം, വിജ്ഞാന കോശങ്ങൾ, നിഘണ്ടുക്കൾ എന്നിങ്ങനെയുള്ളവ തയ്യാറാക്കുകയോ അങ്ങിനെ തയ്യാറാക്കുന്ന സമിതികളെ സഹായിക്കുകയോ ചെയ്യുക).

5. മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾക്ക് സഹായകമായ രീതിയിലുള്ള സമീപനം സ്വീകരിക്കുന്ന സ്ഥാപനമായി മലയാള സർവകലാശാലയെ വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനം നടത്തുക.

5. മലയാളഭാഷാസാഹിത്യപഠനം നേരിടുന്ന പ്രതിസന്ധികൾ കണ്ടെത്തുകയും അവ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുക.

6. കേരളത്തിലെ മുഴുവൻ വിദ്യാഭ്യാസസ്ഥാപനങ്ങളിലും മലയാളം ഒന്നാം ഭാഷയാക്കുന്നതിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

7. ഭാഷാപഠനത്തെ കേവലമായ സാങ്കേതിക ഭാഷാപാഠനമാക്കാതെ ഭാഷാസാഹിത്യപഠനമാക്കാൻ ശ്രമിക്കുക. മാതൃഭാഷയെ ചരിത്രപരവും സാമൂഹ്യവും സൗന്ദര്യാത്മകവുമായ തലങ്ങളിൽ തിരിച്ചറിയുകയും മാതൃഭാഷാപഠനമെന്നത് സൗന്ദര്യാത്മകവും വൈകാരികവുമായ വിദ്യാഭ്യാസമാണെന്ന് മനസ്സിലാക്കുകയും ആ നിലയിൽ ഇടപെടുകയും ചെയ്യുക. ശാസ്ത്രസാങ്കേതിക-പ്രൊഫഷണൽ വിദ്യാഭ്യാസ മണ്ഡലങ്ങളുൾപ്പെടെ ഏതു വൈജ്ഞാനിക പഠനമേഖലയിലുള്ളവർക്കും മാതൃഭാഷാസാഹിത്യപഠനം നിർബന്ധമാക്കാൻ ശ്രമിക്കുക.

8. പൊതുജീവിതവ്യവഹാരങ്ങൾ മലയാളത്തിൽ (അവരവരുടെ ഭാഷാഭേദങ്ങൾ ഉൾപ്പെടെ ആഭ്യന്തര ജനാധിപത്യബോധത്തോടെ) നിലനിർത്തുന്നതിനുള്ള അവബോധനിർമിതിക്കായി പ്രവർത്തിക്കുക

9. മാതൃഭാഷയ്ക്കുവേണ്ടിയുള്ള നിലപാട് ഇതരഭാഷകൾക്കെതിരല്ലെന്നും എന്നാൽ മേൽ-കീഴ് ബന്ധത്തിൽ ഭാഷകളെ വിന്യസിക്കുന്ന അധികാര-വിധേയബോധത്തിനെതിരാണെന്നും വ്യക്തമാക്കുക.

10. കേരളത്തിലെ ആദിവാസി-ഗോത്രഭാഷകളെ പരമാവധി പുരോഗതിയിലെത്തിക്കാ നുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുക.

11. കേരളത്തിലെ ഭാഷാന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നു ണ്ടെന്ന് ഉറപ്പു വരുത്തുക.

10. ഇതിനെല്ലാം ആവശ്യമായ തരത്തിൽ പ്രസിദ്ധീകരണങ്ങൾ, പ്രചാരണങ്ങൾ എന്നിവ സംഘടിപ്പിക്കുക.

## 13. മറ്റു മാതൃഭാഷാസംഘടനകളുമായി ചേർന്നുള്ള പ്രവർത്തനങ്ങൾ

13(i) ഐക്യമലയാള പ്രസ്ഥാനം

മലയാള ഐക്യവേദി സ്ഥാപിക്കപ്പെട്ടതിന്റെ തൊട്ടടുത്ത വർഷം തന്നെ (2010 നവംബർ 26) കേരളത്തിലെ ഇതര മാതൃഭാഷാ പ്രസ്ഥാനങ്ങളായ മലയാള സമിതി, മലയാള സംരക്ഷണവേദി എന്നിവയുമായി ചേർന്ന് നാം രൂപീകരിച്ച ഭാഷാ സമര മുന്നണിയാണ് ഐക്യമലയാള പ്രസ്ഥാനം. മാതൃഭാഷയെ സംബന്ധിച്ച മുദ്രാവാക്യങ്ങൾ മുന്നോട്ടുവെക്കുന്ന വിവിധ സംഘടനകളുടെ ആശയങ്ങളും നിലപാടുകളും സൂക്ഷ്മാംശങ്ങളിൽ വ്യത്യസ്തത പുലർത്തുക സ്വാഭാവികമാണ്. അതുകൊണ്ടുതന്നെ പൊതുവായ മുദ്രാവാക്യങ്ങളിൽ യോജിച്ചു പ്രവർത്തിക്കുമ്പോഴും തനതായ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുന്നതിന് ഐക്യമലയാള പ്രസ്ഥാനത്തിലെ സംഘടനകൾക്ക് സ്വാതന്ത്ര്യമുണ്ട്. തിരുവനന്തപുരത്ത് സെക്രട്ടറിയേറ്റുൾപ്പെടെയുള്ള ഭരണസ്ഥാപനങ്ങൾക്കു മുമ്പിൽ നടന്ന മിക്ക പ്രക്ഷോഭങ്ങളും ഐക്യമലയാള പ്രസ്ഥാനത്തിന്റെ നേതൃത്വത്തിലാണ് നടന്നിട്ടുള്ളത്. മലയാളം നിർബന്ധിത ഒന്നാം ഭാഷ, മലയാളഭാഷ (പരിപോഷണവും വ്യാപനവും) ബിൽ, മലയാള പഠനനിയമം, കോടതിഭാഷ തുടങ്ങിയ പ്രക്ഷോഭങ്ങളെല്ലാം ഈ നിലയിലാണ് സംഘടിപ്പിക്കപ്പെട്ടത്. 2016-ൽ കാസർകോട് നിന്ന് തിരുവനന്തപുരം വരെ നടത്തിയ മാതൃഭാഷാവകാശജാഥയും ഈ നിലയിലുള്ളതായിരുന്നു. ഐക്യമലയാള പ്രസ്ഥാനത്തിന് പ്രവർത്തകസമിതിയും ചെയർമാൻ, സെക്രട്ടറി, കൺവീനർ, ഖജാൻജി എന്നിങ്ങനെയുള്ള

മുഖ്യഭാരവാഹികളുമാണുള്ളത്. മുഖ്യഭാരവാഹികളിൽ രണ്ടുപേരും മലയാള ഐക്യവേദിയുടെ പ്രതിനിധികളാണ്. ഐക്യമലയാള പ്രസ്ഥാനത്തിൽ എല്ലാ ജില്ലകളിലും സംഘടനാസംവിധാനമുള്ളതും വിദ്യാർത്ഥിവിഭാഗമുള്ളതും മലയാള ഐക്യവേദിക്കാണ്. ആ നിലയിൽ കേരളത്തിലെ എല്ലാ മാതൃഭാഷാ സമരങ്ങൾക്കുമുള്ള അടിസ്ഥാനശക്തി മലയാള ഐക്യവേദിയാണ്.

13(ii) ഭാഷാസമത്വാവകാശ പ്രസ്ഥാനം (CLEAR)

1965-ൽ നടന്ന തമിഴ്ഭാഷാ സമരത്തിന്റെ 50-ാം വാർഷികത്തോടനുബന്ധിച്ച് 2015 സെപ്തംബർ 20-ന് ചെന്നൈയിൽ മലയാള ഐക്യവേദിയുടേതുൾപ്പെടെ ഇന്ത്യയിലെ എട്ടുഭാഷകളുടെ പ്രതിനിധികൾ ചേർന്ന് അഖിലേന്ത്യാതലത്തിൽ മാതൃഭാഷാവകാശത്തെ ഉയർത്തിപ്പിടിച്ചുകൊണ്ട് രൂപീകരിച്ച പൊതുവേദിയാണ് ഭാഷാസമത്വാവകാശ പ്രസ്ഥാനം (Campaign for Language Equality and Rights - CLEAR). അവിടെ വെച്ച് ചെന്നൈ പ്രഖ്യാപനം എന്ന പേരിൽ ഇന്ത്യൻ ഭാഷകളുടെ അവകാശത്തെ മുൻനിർത്തി ഒരു പ്രഖ്യാപനവും നടത്തി. ഇപ്പോൾ ഈ പൊതുവേദി ഇന്ത്യയിലെ നാല്പതോളം ഭാഷകളുടെ പ്രതിനിധികൾ ഉൾക്കൊള്ളുന്നതാണ്. ഇന്ത്യൻ ഭരണഘടയുടെ എട്ടാം പട്ടികയിൽപെട്ടതും അല്ലാത്തതുമായ ഭാഷകളുടെ പുരോഗതിക്കും ഇന്ത്യൻ ഭാഷകൾ തമ്മിലുള്ള സാഹോദര്യത്തിനും വേണ്ടി നിലകൊള്ളുന്ന പ്രസ്ഥാനമാണിത്. 2016-ൽ നടത്തിയ മാതൃഭാഷാവകാശജാഥയുടെ സമാപനസമ്മേളനത്തിൽ ഭാഷാസമത്വാവകാശ പ്രസ്ഥാനത്തിന്റെ ദേശീയസെക്രട്ടറി പങ്കെടുത്തിരുന്നു. ഐക്യമലയാള പ്രസ്ഥാനം നടത്തിയ വിവിധ സമരങ്ങളെ പിന്തുണച്ചുകൊണ്ട് കേരളത്തിലെ ഭരണാധികാരികൾക്ക് മുമ്പിൽ ഭാഷാസമത്വാവകാശ പ്രസ്ഥാനം നിലപാടുകൾ വിശദീകരിക്കാറുണ്ട്.

**14. ഇടപെടലുകൾ, സമീപനങ്ങൾ**

1. മാനകഭാഷ/ വാമൊഴിഭേദങ്ങൾ/ ഭാഷാശുദ്ധിവാദം / ഏതു മലയാളം?

ശാസ്ത്ര സാങ്കേതിക വിഷയങ്ങൾ കൈകാര്യം ചെയ്യാനും പാഠപുസ്തകങ്ങൾക്കും അച്ചടി മാധ്യമങ്ങളിൽ ഉപയോഗിക്കാനും മാനകഭാഷ കൂടിയേ തീരൂ. അത് വാമൊഴിഘട്ടം കഴിഞ്ഞ് ഭാഷയുടെ അടുത്ത ഘട്ടത്തിലെ വളർച്ചയെയാണ് കാണിക്കുന്നത്. ആധുനികീരണത്തിന്റെ ഭാഗമാണത്. എന്നാൽ ജനതയുടെ ഉച്ചാരണത്തിന്റെയും ഉച്ചാരണഭേദങ്ങളുടെയും ജൈവിക മേഖലയിൽ ഇടപെടാൻ ആർക്കും അധികാരമില്ല. ഓരോ പ്രദേശത്തിന്റെയും വാമൊഴി രൂപങ്ങൾ അതിൽത്തന്നെ ശരിയായ പ്രയോഗങ്ങളാണ്. പ്രയോഗമാണ് ഇതിൽ ശരിയുടെ മാനദണ്ഡം. സർഗസാഹിത്യത്തിൽ പ്രാദേശിക മൊഴി ഭേദങ്ങൾ പ്രസക്തമാണ്. അവിടെ മാനകഭാഷ നിർബന്ധമായ കാര്യമേയല്ല.

2. ഇംഗ്ലീഷിനോടുള്ള സമീപനം- വേണ്ടതും വേണ്ടാത്തതും

ഇംഗ്ലീഷ് ഇന്ത്യൻ യൂണിയന്റെ ഔദ്യോഗികഭാഷയെന്ന നിലയിൽ പ്രാധാന്യമർഹിക്കുന്നു. ബന്ധഭാഷയെന്ന നിലയിൽ സംസ്ഥാനങ്ങൾ തമ്മിലുള്ള വിനിമയത്തിന്റെയും ഭാഷയാണത്. ആധുനിക വിജ്ഞാനങ്ങളിലേക്ക് കടക്കാൻ നിലവിലുള്ള അവസ്ഥയിൽ ഇംഗ്ലീഷ് ആവശ്യമാണ്. ത്രിഭാഷാ പദ്ധതിയുടെ ഭാഗമായി സ്കൂൾ തലത്തിൽ ഇംഗ്ലീഷ് രണ്ടാം ഭാഷയായി പഠിപ്പിക്കുന്നത് ശരിയായ സമീപനമാണ്. ബിരുദതലം വരെ ഇംഗ്ലീഷ് ഇന്ന് നിർബന്ധ ഭാഷയാണ്. ഈ നയവും തിരുത്തേണ്ടതില്ല. എന്നാൽ ഇവിടെയും ഒന്നാം ഭാഷ എന്ന നിലയിലല്ല രണ്ടാം ഭാഷ എന്ന നിലയിലാണ് ഇംഗ്ലീഷിനെ പരിഗണിക്കേണ്ടത്. ഇംഗ്ലീഷ് ഒരു വിഷയമെന്ന നിലയിൽ ഇന്നത്തെക്കാൾ മെച്ചപ്പെട്ട രീതിയിൽ പഠിപ്പിക്കേണ്ടതാണ്. ഇംഗ്ലീഷ് ബിരുദധാരികളെ തന്നെ സ്കൂൾ തലത്തിൽ ഇംഗ്ലീഷ് അധ്യാപകരായി നിയമിക്കേണ്ടതാണ്. കേവല പാഠപുസ്തക പഠനത്തിനപ്പുറത്ത് സംഭാഷണമുൾപ്പെടെയുള്ള വിനിമയം ഇംഗ്ലീഷിൽ സാധ്യമാക്കുന്ന മട്ടിൽ ഇംഗ്ലീഷ് ഭാഷാ പഠനം പൊതു വിദ്യാലയങ്ങളിൽ വികസിക്കേണ്ടതാണ്.

എന്നാൽ പഠനമാധ്യമെന്ന നിലയിൽ ഇംഗ്ലീഷ് സ്കൂൾ തലത്തിലേക്ക് കടന്നുവരുന്നതിനെ ഐക്യവേദി അംഗീകരിക്കുന്നില്ല. കോളേജ്-സർവകലാശാലാ തലത്തിൽ മലയാളത്തെ മുഖ്യമാധ്യമമാക്കുകയും വേണ്ടവർക്ക് ഇംഗ്ലീഷ് മാധ്യമത്തിൽ കൂടി പഠിക്കാനും പരീക്ഷയെഴുതാനുമുള്ള അവസരമുണ്ടാകുകയുമാണ് വേണ്ടത്. കേരള

പി.എസ്.സി ഉൾപ്പെടെയുള്ള തൊഴിൽ പരീക്ഷകളുടെ എല്ലാ തലത്തിലുമുള്ള മുഖ്യ മാധ്യമം മലയാളമാകണം. ന്യൂനപക്ഷഭാഷകളും ഇംഗ്ലീഷും മാധ്യമമായി തെരഞ്ഞെടുക്കാനുള്ള അവകാശവുമുണ്ടായിരിക്കണം. മാതൃഭാഷ അറിയാത്ത ഒരു ഉദ്യോഗസ്ഥവർഗം കേരളത്തെ ഭരിക്കുകയാണെങ്കിൽ അത് ആഭ്യന്തര കോളനീകരണത്തിലേക്കായിരിക്കും നയിക്കുക.

3. ത്രിഭാഷാപദ്ധതിയും ഹിന്ദിയും

1961 മുതൽ ഇന്ത്യയിൽ ത്രിഭാഷാപദ്ധതിയിലൂന്നിയ സമീപനം നിലനില്ക്കുന്നുണ്ട്. കേരളം അംഗീകരിച്ചതാണ് ഈ പദ്ധതി. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ വിദ്യാലയങ്ങളിൽ ഹിന്ദി കൂടി പഠിപ്പിക്കുക, ഉത്തരേന്ത്യയിൽ ഒരു ദക്ഷിണേന്ത്യൻ ഭാഷ കൂടി പഠിപ്പിക്കുക എന്നതാണ് ഈ നയം. തമിഴ്നാട് ഹിന്ദി പഠിപ്പിക്കുന്നില്ല. ത്രിഭാഷാപദ്ധതിയെ മലയാള ഐക്യവേദി അംഗീകരിക്കുന്നു. മാതൃഭാഷ അതുകഴിഞ്ഞാൽ ഇംഗ്ലീഷ്, ഹിന്ദി എന്നിങ്ങനെയുള്ളതായിരിക്കണം ത്രിഭാഷാപദ്ധതിയുടെ പ്രാധാന്യ ക്രമം. ഹിന്ദിയെ ഭരണഭാഷയെന്ന നിലയിൽ കേരളത്തിലോ ഇന്ത്യയിലെ സംസ്ഥാനങ്ങളുടെ മേലോ അടിച്ചേല്പിക്കുന്നതിനെ മലയാള ഐക്യവേദി അംഗീകരിക്കുന്നില്ല. ഹിന്ദി ഇന്ത്യൻ യൂണിയന്റെ ഔദ്യോഗികഭാഷയാണ്, ഇന്ത്യക്ക് ഒരു ദേശീയഭാഷ ഇല്ല.

4. മറ്റ് ഇന്ത്യൻ ഭാഷകളും ലോകഭാഷകളും

തമിഴ്, കന്നഡ, തെലുങ്ക് തുടങ്ങിയ ദക്ഷിണേന്ത്യൻ ഭാഷകളും പഞ്ചാബി, ബംഗാളി, മറാത്തി തുടങ്ങിയ ഉത്തരേന്ത്യൻ ഭാഷകളും ഒരു വിഷയമെന്ന നിലയിൽ പഠിപ്പിക്കാനുള്ള സംവിധാനം കേരളത്തിൽ ഉണ്ടായിരിക്കണം. ഇംഗ്ലീഷിന് പുറമെ ഇതര ലോകഭാഷകളും പഠിപ്പിക്കാനുള്ള സംവിധാനം വേണം. കേരളത്തിന് പുറത്തേക്കു പോകുന്നവർക്കും കേരളത്തിലേക്ക് വരുന്ന വിദേശികൾക്കും സഹായകമാകുന്നതായിരിക്കും ഇത്. മറ്റു ഭാഷകളിലെ വിജ്ഞാനഗ്രന്ഥങ്ങളും സാഹിത്യകൃതികളും മറ്റും അതതു ഭാഷകളിൽ നിന്ന് നേരിട്ട് വിവർത്തനം ചെയ്യാൻ കഴിയുന്ന മട്ടിൽ ഭാവിയിൽ ഈ ഭാഷാ സമ്പർക്കം വികസിക്കേണ്ടതാണ്.

5. ഭാഷാസമ്പർക്കവും ഭാഷാപരമായ അധിനിവേശവും

മറ്റു ഭാഷകളുമായി ഒരു ഭാഷ സംസാരിക്കുന്ന ജനത സമ്പർക്കത്തിലേർപ്പെടുന്നത് അനിവാര്യമാണ്. അപ്പോൾ ആ ഭാഷയിലെ വാക്കുകളും നമ്മുടെ ഭാഷയിലേക്ക് കടന്നു വരും. ഈ നിലയിൽ സാഹോദര്യത്തിലൂടെ പരസ്പരം കൊണ്ടും കൊടുത്തുമാണ് ഭാഷകൾ വികസിക്കുന്നത്. പ്രാകൃതം, സംസ്കൃതം, അറബി, പോർച്ചുഗീസ്, ഇംഗ്ലീഷ് തുടങ്ങി അനേകം ഭാഷകളിൽ നിന്ന് ഇത്തരത്തിലുള്ള പദങ്ങൾ മലയാളത്തിലെത്തിയിട്ടുണ്ട്. അതെല്ലാം മലയാളത്തിന്റെ ഭാഗമായിക്കഴിഞ്ഞവയാണ്. നിലനില്ക്കുന്ന ഒരു പദത്തെ ഇല്ലാതാക്കി അധികാരത്തിന്റെ ബലത്തിൽ മറ്റൊരു ഭാഷയിലെ പദം കടന്നുവരുന്നതാകട്ടെ ഭാഷാപരമായ അധിനിവേശത്തിന്റെ ഭാഗമാണ്. ഭാഷാപരമായ സമ്പർക്കത്തെ പ്രോത്സാഹിപ്പിക്കുകയും ഭാഷാപരമായ അധിനിവേശത്തെ ചെറുക്കുകയുമാണ് നാം ചെയ്യേണ്ടത്.

6. മാതൃഭാഷയുടെ ചരിത്രപരമായ വികാസം- നവോത്ഥാനം, മതനവീകരണം, പ്രബുദ്ധത

നവോത്ഥാനത്തിന്റെ അടിസ്ഥാന സങ്കല്പമാണ് മാതൃഭാഷ. കേരളീയ നവോത്ഥാനത്തിന്റെ ഭാഷ മലയാളമായിരുന്നു. ഭക്തിയെ ജനാധിപത്യവൽക്കരിക്കുന്ന തിലും ഭക്തി പ്രസ്ഥാനത്തിൽ പ്രവർത്തിച്ചത് മലയാളമാണ്. എന്നാൽ ആധുനിക ശാസ്ത്രം, തത്വചിന്ത തുടങ്ങിയ പ്രബുദ്ധതയുടെ ഘട്ടത്തിലേക്ക് മലയാളത്തെ വളർത്തിയെടുക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. വികസിതഭാഷകളെല്ലാം ഈ ഘട്ടത്തിലേക്ക് എത്തിയിട്ടുണ്ട്. കോളനീകരണം ഈ വികാസത്തെ തടയുകയായിരുന്നു. വിജ്ഞാനഭാഷയെന്ന നിലയിലും ശാസ്ത്ര സാങ്കേതിക ഭാഷയെന്ന നിലയിലും ഉന്നത വിദ്യാഭ്യാസത്തിനും ഗവേഷണത്തിനുമുള്ള മാധ്യമമെന്ന നിലയിലും മലയാളത്തെ വികസിപ്പിക്കുകയും പ്രയോഗിക്കുകയും ചെയ്താൽ മാത്രമേ ഈ പുരോഗതി സാധ്യമാകുകയുള്ളൂ.

7. വിഭവാധികാരം, ഉല്പാദനശക്തി

ഒരു ജനതയുടെ വിഭവങ്ങളുടെ മേലുള്ള അവരുടെ സാമൂഹ്യമായ അധികാരത്തിന്റെ പ്രതീകമാണ് അവരുടെ മാതൃഭാഷ. മാതൃഭാഷ നഷ്ടപ്പെടുമ്പോൾ ഒരു ജനതയ്ക്ക് അവരുടെ

വിഭവങ്ങളുടെ മേലുള്ള പൊതു അധികാരം കൂടിയാണ് നഷ്ടപ്പെടുന്നത്. ആ സമൂഹത്തിന്റെ ഉല്പാദനത്തിന്റെ അടിസ്ഥാനവുമാണത്. മാതൃഭാഷ നഷ്ടപ്പെടുന്ന സമൂഹങ്ങൾ ഉല്പാദനശേഷി നഷ്ടപ്പെട്ടതും കേവലം ഉപഭോഗത്തിൽ ഊന്നുന്നവരുമായിത്തീരുന്നു. പുതിയ കോളനീകരണത്തിന് സഹായകമാകുന്നതാണ് ഈ അവസ്ഥ.

8. ഭാഷയും പരിസ്ഥിതിയും

ഒരു ജനതയുടെ പാരിസ്ഥിതികാവബോധത്തിന്റെ അടിസ്ഥാനം അവരുടെ മാതൃഭാഷയിലാണ് വേരൂന്നിയിട്ടുള്ളത്. ഭാഷാവൈവിധ്യം ജൈവവൈവിധ്യത്തിന്റെ ഭാഗം തന്നെയാണ്. ബോധപൂർവമായും അബോധമായും ജനതയുടെ പാരിസ്ഥിതികാവബോധത്തിൽ മാതൃഭാഷ പങ്കു വഹിക്കുന്നു. മാതൃഭാഷ നഷ്ടപ്പെടുമ്പോൾ ജനതയുടെ ബോധത്തിൽ നിന്ന് ഒരു പരിസ്ഥിതിവ്യൂഹം തന്നെയാണ് ഇല്ലാതാകുന്നത്.

9. ഭാഷാസൂത്രണം

ഭാഷയെ ആധുനികീകരിക്കാനും ജനതയുടെ ഭാഷാവകാശം ഉറപ്പാക്കാനും ഭാഷാസൂത്രണം എന്ന സങ്കല്പം ആവശ്യമാണ്. വിദ്യാഭ്യാസം, ഭരണം, കോടതി, വിവര സാങ്കേതിക വിദ്യ എന്നീ മേഖലകളിൽ ഒരു സർക്കാറിന് വ്യക്തമായ ഭാഷാസൂത്രണം ഉണ്ടായിരിക്കണം. ഇത് ജനതയുടെ ഭാഷാ വൈവിധ്യത്തെയോ വാമൊഴി ഭേദത്തെയോ ഇല്ലാതാക്കാനുള്ളതല്ല. ശാസ്ത്ര, സാങ്കേതിക രംഗത്തെ മാനകഭാഷയ്ക്കു വേണ്ടിയുള്ള ഭാഷാസൂത്രണവും ആവശ്യമാണ്. ഭാഷയിലെ ലിംഗപദവി ഉൾപ്പെടെയുള്ള അധികാര ബന്ധങ്ങളെ പുനരുല്പാദിപ്പിക്കുന്ന പദങ്ങളെ നിരാകരിക്കാനും ഭാഷാസൂത്രണം ആവശ്യമാണ്. ട്രാൻസ്ജെൻഡർ കാഴ്ചപ്പാടിലും അടിസ്ഥാന ജനവിഭാഗങ്ങളുടെ കാഴ്ചപ്പാടിലും ഭാഷാപ്രയോഗങ്ങളെ നവീകരിക്കുന്നതും ഭാഷാസൂത്രണത്തിന്റെ ഭാഗമാകണം.

10. ഭാഷാസൂത്രണം-ഭാഷയ്ക്കു വേണ്ടി നിലവിലുള്ള സ്ഥാപനങ്ങൾ

മലയാള സർവകലാശാല (2012), കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് (1968), സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് (1961) എന്നിവ വിജ്ഞാനഭാഷാ വികാസത്തിനും പഠനമാധ്യമമെന്ന നിലയിൽ മാലയാളത്തെ വികസിപ്പിക്കാനുമായി സ്ഥാപിക്കപ്പെട്ടവയാണ്. സർവകലാശാലാ തലത്തിൽ മലയാളത്തിൽ ശാസ്ത്ര, സാങ്കേതിക മേഖലയിലെ പാഠപുസ്തകങ്ങൾ നിർമിക്കാനാണ് കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിച്ചത്. തുടക്കത്തിൽ ഈ നിലയിലുള്ള പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകിയ ഈ സ്ഥാപനം പിൽക്കാലത്ത് മറ്റു വഴികളിലാണ് സഞ്ചരിച്ചത്. ബിരുദ, ബിരുദാനന്തര പഠനത്തിന് മലയാളം ഉപയോഗിക്കപ്പെടാത്ത സാഹചര്യത്തിലാണ് ഈ മുരടിപ്പ് ഉണ്ടായത്. ഇപ്പോൾ എല്ലാ വിഷയങ്ങളും മലയാളത്തിൽ പഠിപ്പിക്കാനും ഗവേഷണം നടത്താനും കഴിയുന്ന മട്ടിൽ മലയാള സർവകലാശാല സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. ഈ ഘട്ടത്തിൽ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് അത്തരം ഉന്നത നിലവാരത്തിലുള്ള പാഠപുസ്തകങ്ങളും മൗലിക ഗ്രന്ഥങ്ങളുടെ വിവർത്തനവും മൗലിക ഗ്രന്ഥങ്ങളുടെ രചനയും പ്രോത്സാഹിപ്പിക്കേണ്ടതാണ്. സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ടും തുടക്കത്തിൽ അതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾക്കനുസരിച്ചുള്ള പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചെങ്കിലും ഇപ്പോൾ ഇക്കാര്യത്തിൽ മുരടിപ്പുണ്ടായിട്ടുണ്ട്. ശാസ്ത്ര, സാങ്കേതിക വിജ്ഞാനഭാഷാ വികാസം എന്ന അടിസ്ഥാന ലക്ഷ്യത്തിലേക്ക് അതിനെ തിരിച്ചുകൊണ്ടുവരേണ്ടതുണ്ട്. സാഹിത്യ അക്കാദമിയും സാഹിത്യ ഗ്രന്ഥങ്ങളോടൊപ്പം മലയാള ഗ്രന്ഥസൂചി പോലുള്ളവ പ്രസിദ്ധീകരിക്കുക വഴി മലയാളത്തിന്റെ പൊതുവികാസത്തിലും പങ്കാളികളാകുന്നുണ്ട്. മലയാള ഐക്യവേദി ഈ മേഖലയിലുള്ള സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് നിരന്തരമായ ഇടപെടലുകൾ നടത്തേണ്ടതുണ്ട്.

11. സാങ്കേതിക പദങ്ങൾ-സമീപനം

സാങ്കേതികപദങ്ങൾക്ക് എപ്പോഴും തത്തുല്യമായ മലയാളപദങ്ങൾ മാത്രം കണ്ടെത്തി ഉപയോഗിക്കേണ്ടതില്ല. അന്തർദ്ദേശീയമായി ഉപയോഗിക്കുന്ന പദങ്ങൾ അതുപോലെ ഉപയോഗിക്കാം. മലയാളപദങ്ങൾ എന്ന പേരിൽ കഠിന സംസ്കൃത പദങ്ങൾ ഉപയോഗിക്കേണ്ടതുമില്ല. അതേ സമയം അവയ്ക്ക് തത്തുല്യമായ ഒരു മലയാളപദം കൂടി കണ്ടെത്താം. ഈ മലയാളപദം സാഹിതീയവും സൗന്ദര്യാത്മകവുമായ മേഖലകളിൽ

ആന്തരാഷ്ട്രതലത്തിൽ വിനിമയ ശേഷിയുള്ളതായിരിക്കണം. ആറ്റം എന്ന പദത്തോടൊപ്പം അണു എന്ന പദവും ഇലക്ട്രോമാഗ്നറ്റിക് വേവ് എന്നതിനൊപ്പം വൈദ്യുത കാന്തിക തരംഗം എന്നുമുള്ള പദങ്ങൾ സ്വീകരിക്കുന്നതുപോലെ. മലയാളമാധ്യമത്തിൽ പഠിച്ചിറങ്ങുന്ന വിദ്യാർത്ഥികൾക്ക് കേരളത്തിന് പുറത്തുപോയാലും വിനിമയത്തിന് വിഷമമില്ലാത്തതായിരിക്കും ഈ ദ്വിഭാഷാനയം.

12. സാംസ്കാരിക സ്ഥാപനങ്ങളുടെയും രേഖകളുടെയും പുരാവസ്തുക്കളുടെയും ഗ്രന്ഥാലയങ്ങളുടെയും ഗ്രന്ഥശേഖരങ്ങളുടെയും സംരക്ഷണം

കേരളത്തിലെ പുരാവസ്തു സ്മാരകങ്ങൾ, പുരാരേഖകൾ എന്നിവ സംരക്ഷിക്കുകയും അതിന് ബന്ധപ്പെട്ടവരെ പ്രേരിപ്പിക്കുകയും ചെയ്യേണ്ടത് മലയാള ഐക്യവേദി പ്രവർത്തകരുടെ കടമയാണ്. പൊതു ഗ്രന്ഥാലയങ്ങളും സ്കൂൾ, കോളേജ് ലൈബ്രറികളും സംരക്ഷിക്കുകയും വികസിപ്പിക്കുകയും ചെയ്യേണ്ടതുമുണ്ട്. മലയാള വിജ്ഞാന ഗ്രന്ഥങ്ങൾ ഇവിടങ്ങളിൽ ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പിക്കണം. ഇന്റർനെറ്റിലെ മലയാള/ മാതൃഭാഷാ വിജ്ഞാനസഞ്ചയം വികസിപ്പിക്കുന്നതിനും മാതൃഭാഷയിൽ ആപ്പുകൾ വികസിപ്പിക്കുന്നതിനും ശ്രമിക്കണം. വിദ്യാർത്ഥി മലയാള വേദി പ്രവർത്തകർക്ക് ഈ മേഖലയിൽ ഇടപെടാൻ കഴിയും.

13. ആദിവാസി-ഗോത്രഭാഷകൾ

ആദിവാസി-ഗോത്രഭാഷകൾ ഓരോ രംഗത്തും പരമാവധി ഉപയോഗിക്കുകയും വികസിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്. വിദ്യാഭ്യാസത്തിൽ ഈ മേഖലയിലുള്ള പാട്ടുകളും കഥകളും ഉൾപ്പെടുത്താം. ലിപികളില്ലാത്തിടങ്ങളിൽ ലിപികൾ വികസിപ്പിക്കണം. ആദിവാസി ഭാഷ അറിയുന്ന അധ്യാപകരെ അത്തരം സ്ഥലങ്ങളിൽ ആവുന്നത്ര നിയമിക്കണം. ഭരണഭാഷ എന്ന നിലയിൽ ആദിവാസി വിഭാഗത്തിന്റെ ഭാഷകളെയും പരിഗണിക്കണം. ആദിവാസി മേഖലയിലും ആ ഭാഷകൾ കഴിഞ്ഞാൽ മലയാളം പഠനവിഷയവും പഠനമാധ്യമവുമായി ഉപയോഗിക്കുന്ന അവസ്ഥയാണുണ്ടാകേണ്ടത്. പകരം ഇംഗ്ലീഷ് മാധ്യമത്തിലേക്ക് മാറ്റുകയല്ല വേണ്ടത്. പല ആദിവാസി വിഭാഗങ്ങളും മലയാളം ഉപയോഗിക്കുന്നുണ്ട്. അവർ ഇടപാടു ഭാഷ എന്ന നിലയിൽ മലയാളം അറിയുന്നുമുണ്ട്. ഈ മേഖലയിൽ ഇടപെടുന്നതിന് കിർത്താഡ്സ് പോലുള്ള ഗവേഷണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കണം.

14. ന്യൂനപക്ഷഭാഷകൾ

കേരളത്തിലെ ഔദ്യോഗിക ന്യൂനപക്ഷഭാഷകളായ തമിഴ്, കന്നഡ എന്നിവ ഉപയോഗിക്കുന്നവരുടെ ഭാഷാപരമായ അവകാശങ്ങൾ സംരക്ഷിക്കേണ്ടതുണ്ട്. മലയാളം അടിച്ചേല്പിക്കുന്ന അവസ്ഥ ഉണ്ടാകരുത്.

15. സഹസംസ്ഥാന തൊഴിലാളികളും മലയാളവും

സാക്ഷരതാ മിഷൻ സഹസംസ്ഥാനത്തൊഴിലാളികളെ മലയാളം പഠിപ്പിക്കുന്നതിനുള്ള പദ്ധതി മുന്നോട്ടുവെച്ചിട്ടുണ്ട്. ഇതിനെ നാം പ്രോത്സാഹിപ്പിക്കേണ്ടതാണ്. കേരളീയ ജനതയുമായുള്ള അന്യത്വം ഇല്ലാതാക്കാൻ ഇത് സഹായിക്കും. കേരളത്തിന്റെ സാംസ്കാരിക മണ്ഡലവുമായും പൊതുമണ്ഡലവുമായും സംവദിക്കാൻ കഴിയുന്ന മട്ടിൽ അവർ പ്രാപ്തരാകുന്നത് അകൽച്ച ഇല്ലാതാക്കുന്നതിന് ഉപകരിക്കും. അവരിൽ പലരുടെയും കുട്ടികൾ ഇപ്പോൾ മലയാള മാധ്യമത്തിലാണ് പഠിക്കുന്നതും ഉന്നത വിജയങ്ങൾ നേടുന്നതും. ഒരു തരത്തിലുമുള്ള മണ്ണിന്റെ മക്കൾ വാദത്തെ മലയാള ഐക്യവേദി പിന്തുണയ്ക്കുകയില്ല.

16. സൗന്ദര്യാത്മക വിദ്യാഭ്യാസം

മാതൃഭാഷാസാഹിത്യപഠനം കേവലം അക്ഷരവും വാക്യവും എഴുതുന്നത് പരിശീലിക്കലല്ല, അത് വികാരഘടനയെ സമകാലികവും ആധുനികവും ജനാധിപത്യപരവും ബഹുത്വപൂർണവും ആക്കുന്നതിനുള്ള സൗന്ദര്യാത്മക വിദ്യാഭ്യാസമാണ്. സാങ്കേതിക വിദ്യാഭ്യാസ മേഖലയിലും സൗന്ദര്യാത്മക വിദ്യാഭ്യാസം ആവശ്യമാണ്. ഇത്തരത്തിലുള്ള വിദ്യാഭ്യാസം മെഡിസിനും എഞ്ചിനിയറിംഗും പോലുള്ള വിഷയങ്ങളിൽ വിദേശ രാജ്യങ്ങളിൽ ലഭ്യമാണ്.

17. ഭാഷാസാങ്കേതികത

ഭാഷാസാങ്കേതികതയുടെ വികാസം മാതൃഭാഷകൾക്ക് വലിയ സാധ്യതകൾ

തുറന്നിട്ടിരിക്കുന്നു. ഏകഭാഷാലോകത്തെ കുറിച്ചുള്ള തെറ്റിദ്ധാരണകളെ മുഴുവൻ അത് ഇല്ലാതാക്കിയിരിക്കുന്നു. ഈ രംഗത്ത് ഇനിയും വലിയ മുന്നേറ്റങ്ങളുണ്ടാക്കാൻ ബോധപൂർവമായ പരിശ്രമം ആവശ്യമാണ്. കേരളത്തിലെ കമ്പ്യൂട്ടർ പഠനത്തെ, സർവകലാശാലകളിലും പുറത്തുമുള്ള എല്ലാ സ്ഥാപനങ്ങളും മാതൃഭാഷാധിഷ്ഠിതമായി ആസൂത്രണം ചെയ്യാനും വികസിപ്പിക്കാനുമുള്ള ശ്രമം ഉണ്ടാകണം. വിവർത്തനമേഖലയിൽ വമ്പിച്ച പുരോഗതി ഉണ്ടാക്കാൻ ഈ മേഖലയിലെ പ്രവർത്തനങ്ങൾക്ക് കഴിയും. വിക്കിപീഡിയ ഉൾപ്പെടെ എല്ലാ തലത്തിലുമുള്ള മാതൃഭാഷയിലൂന്നിയ വിജ്ഞാനഭാഷാ വികാസത്തിന് ഇത് ഉപയുക്തമാകണം.

18. വിവർത്തനം

ഇംഗ്ലിഷിൽ നിന്ന് മലയാളത്തിലേക്കും തിരിച്ചും മാത്രമല്ല എല്ലാ ഭാഷകളുമായും മലയാളം വിവർത്തന ബന്ധം സ്ഥാപിക്കേണ്ടതുണ്ട്. വിജ്ഞാനമേഖലയിൽ സ്രോതഭാഷകളുമായി നേരിട്ട് ബന്ധം സ്ഥാപിക്കാൻ സാധിക്കണം. മലയാള സർവകലാശാലയെ ഈ നിലയിൽ ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള ഭാഷകളുമായി മലയാളത്തെ ബന്ധിപ്പിക്കുന്നതിനുള്ള സ്ഥാപനം കൂടിയായി വികസിപ്പിക്കേണ്ടതുണ്ട്. ഇതിനായി വിവിധ ഭാഷാവകുപ്പുകൾ സ്ഥാപിക്കണം.

19. മലയാള ഭാഷാ വകുപ്പ്, ഡയറക്ടറേറ്റ്

കേരളത്തിൽ മന്ത്രിതലത്തിൽ ഒരു മലയാളഭാഷാ വകുപ്പ് സ്ഥാപിക്കപ്പെടണം. ന്യൂനപക്ഷഭാഷകളും ആദിവാസിഭാഷകളും ഉൾപ്പെടെയുള്ള കേരളത്തിലെ ഭാഷകളുടെ വികാസത്തിനു വേണ്ടിയുള്ള ആസൂത്രണത്തിന് നേതൃത്വം നൽകുന്നതാകണം അത്. നിലവിലുള്ള ഉത്തരവുകളും നിയമങ്ങളും നടപ്പിലാക്കുന്നതിന് ഒരു ഭാഷാ ഡയറക്ടറേറ്റും ആവശ്യമാണ്. ഇത്തരം സംവിധാനം ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിലവിലുണ്ട്.